കോഴിക്കോട്–കോയമ്പത്തൂർ നാഷണൽ ഹൈവേ

901 [1421] ശ്രീ. എ.എൻ. യൂസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട്–കോയമ്പത്തൂർ നാഷണൽ ഹൈവേ (മണ്ണാർക്കാടു വഴി) റോഡിന്റെ പ്രവർത്തനം എത്രത്തോളമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട്–കോയമ്പത്തൂർ ഹൈവേ റോഡ് എന്ന് പണി പൂർത്തിയാകുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ''കോഴിക്കോട്–കോയമ്പത്തൂർ'' എന്നൊരു നാഷണൽ ഹൈവേ ഇല്ല. മണ്ണാർക്കാട് ചിന്നത്തടം എന്ന റോഡാണ് ഉദ്ദേശിക്കുന്നതെങ്കിൽ ഇതിന്റെ 75% പണിയും പൂർത്തിയായിരിക്കുകയാണ്.

(ബി) അടുത്ത സാമ്പത്തികവർഷത്തിന്റെ ആരംഭകാലത്ത് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

വാണിയംകുളം—വല്ലപ്പുഴ റോഡിന്റെ പണി

902 [1422] ശ്രീ. പി. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിയംകുളം—വല്ലപ്പുഴ റോഡിന്റെ പണി എന്നത്തേക്ക് പൂർത്തിയാകും;

(ബി) ഇപ്പോഴത്തിന്റെ പ്രവർത്തനം മന്ദഗതിയിലാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പണി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ റോഡിന്റെ ബി.ടി. വർക്കിന് ടെണ്ടർ ക്ഷണിച്ചിട്ടേയുള്ളു. അതുകൊണ്ട് പണി എന്നു പൂർത്തിയാകും എന്നുപറയാൻ നിർവ്വാഹമില്ല.

(ബി) മുകളിൽ പ്രസ്താവിച്ച പണി ആരംഭിക്കാനിരിക്കുന്നതേയുള്ളു.

(സി) സ്വീകരിക്കുന്നതാണ്.

കൊഴിഞ്ഞാമ്പാറ ററി.ബി.

903 [1424] ശ്രീ. പി. ശങ്കർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയുടെ കിഴക്കൻ ബോർഡറിലുള്ള കൊഴിഞ്ഞാമ്പാറ ററി.ബി. അടുത്ത സാമ്പത്തിക വർഷത്തിലെങ്കിലും കൂടുതൽ മുറികളും സൗകര്യങ്ങളുമുള്ള ഒന്നാക്കിത്തീർക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇങ്ങനെയൊരു നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly